


## വിചിന്തനം മെയ് 2021

ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ
ആവിഷ്കാരമാണ് രക്ഷാകര ചരിത്രം. സ്വന്തം
ഹൃദയം കൊണ്ട് മനുഷ്യഹൃദയത്തെ നേടാ
നായി ത്രിത്വത്തിലെ രണ്ടാമത്തെയാൾ
നടത്തിയ മനുഷ്യാവതാരമാണ് ഇതിലെ ഏറ്റ
വും മഹത്തായ വെളിപ്പെടുത്തൽ. ‘‘മനുഷ്യ
ഹൃദയത്തെപ്പോലെ എനിക്കു വലിയ ആന
ന്ദം തരുന്ന യാതൊന്നുമില്ല. എങ്കിലും, മനുഷ്യ
ഹൃദയത്തിന്റെ സ്നേഹം എനിക്ക് എത്രമാത്രം
നിരസിക്കപ്പെടുന്നു’’വെന്ന് യേശു വിശുദ്ധ
ജെർത്രൂദിനോട് അരുളിച്ചെയ്തു.

മനുഷ്യരോടുള്ള ദൈവസ്നേഹത്തിന്റെ
പ്രകാശനം ഉച്ചസ്ഥായിയിലെത്തുന്നത് കുരിശി
ലാണ്. ‘‘എനിക്കു ദാഹിക്കുന്നു’’വെന്ന
നിലവിളിയിൽ അതു സംക്ഷേപിക്കപ്പെട്ടിരിക്കു
ന്നു. ഒരു ‘പ്രേഷിതൻ’ എന്ന നിലയിൽ
നാം ഇതിനെ മനസ്സിലാക്കുന്നത് മറ്റ് ആത്മാ
ക്കൾക്കായുള്ള യേശുവിന്റെ ദാഹം ശമിപ്പി
ക്കാനുള്ള ഒരു വിളിയായിട്ടാണ്. യേശു ഏറ്റ
വുമധികം ദാഹിക്കുന്നത് എന്റെ ആത്മാവിനു
വേണ്ടിയാണെന്ന് അവിടത്തെ അധരങ്ങളിൽ
നിന്നു ശ്രവിക്കുകയും ധ്യാനിക്കുകയും
വേണം. കൊൽക്കത്തയിലെ വിശുദ്ധ
തെരേസ പറഞ്ഞതുപോലെ ‘‘ ‘ഞാൻ നിന്നെ
സ്നേഹിക്കുന്നു’വെന്ന യേശുമൊഴിയേക്കാൾ
ഗാഢമാണ് ‘എനിക്കു ദാഹിക്കുന്നു’വെന്ന
മൊഴി. യേശു എനിക്കായി ദാഹിക്കുന്നുവെന്ന്
ഹൃദയാന്തരാളത്തിൽ തിരിച്ചറിയുന്നതുവരെ,
അവൻ നിനക്ക് ആരായിത്തീരാൻ ആഗ്രഹി
ക്കുന്നവെന്നോ, നീ എന്തായിത്തീരാൻ അവൻ
ആഗ്രഹിക്കുന്നുവെന്നോ അറിഞ്ഞു തുടങ്ങാ
നാവില്ല’’. ഈ സത്യം നമ്മിൽ ആഴ്ന്നിറങ്ങണം.
ഇല്ലെങ്കിൽ അവൻ നമ്മിൽ ആരംഭിച്ച സത്പ്ര
വൃത്തികൾ പൂർത്തിയാക്കാൻ അവനെ അനു
വദിക്കുന്നതിനു പകരം (ഫിലി. 1:6) നാം അവ
നുവേണ്ടി അനേകം കാര്യങ്ങൾ ചെയ്യുവാൻ
ശ്രമിക്കും. അവനോടുകൂടെയും അവ
നിലും അവനിലൂടെയും മാത്രമേ നമുക്കു മറ്റ്
ആത്മാക്കളെ സമീപിക്കാനാവൂ. ‘‘എന്നോടു
കൂടെ ശേഖരിക്കാത്തവൻ ചിതറിച്ചുകളയുന്നു’’
(മത്താ. 12:30). നമ്മുടെ ഗുരു പറഞ്ഞു: ‘‘ദാഹി
ക്കുന്നവൻ എന്റെ പക്കൽ വന്നു കുടിക്കട്ടെ’’.
അപ്പോൾ നമ്മുടെയുള്ളിൽനിന്നു ജീവജല
ത്തിന്റെ അരുവികൾ ഒഴുകും; അവയുടെ അല
കൾ നമുക്കു ചുറ്റുമുള്ളവർക്കു വറ്റാത്ത ഉറവ
യാകും (യോഹ. 7:37-38). ‘‘സ്നേഹത്തിന്റെ
ഈ ഉറവയിൽനിന്നു പാനം ചെയ്യുകയും
തൃപ്തനാകുന്ന നിമിഷം തന്നെ തന്റെ ദാഹം
വർധിക്കുന്നുവെന്നു ഗ്രഹിക്കുകയും ചെയ്യു
ന്നവൻ അനുഗ്രഹീതൻ’’ (കർദിനാൾ എച്ച്ഗാ
രായ്).

സ്നേഹമാകുന്ന ഈ ദൈവം തന്റെ ദാഹം
ശമിപ്പിക്കാൻ സൃഷ്ടിയെ തേടുന്ന കാഴ്ച
യോഹന്നാന്റെ സുവിശേഷത്തിൽ
നാം കാണുന്നു (4:7-18). ദൈവം എന്തിനു തേ
ടിയലയണം? നമ്മുടെ ദാഹം ശമിപ്പിക്കാൻ
അവിടന്നു ദാഹിക്കുന്നു! തന്റെ ദാഹം ശമിപ്പി
ക്കാൻ ലോകവസ്തുക്കളിലേക്കു വീണ്ടും
പൊയ്ക്കൊണ്ടിരിക്കുന്ന ലൗകിക മനുഷ്യന്റെ
പ്രതിനിധിയാണ് കിണറ്റിൻകരയിലെ സ്ത്രീ.
സകല ബന്ധനങ്ങളിലും നിന്നു വിമോചി
പ്പിച്ച് നമ്മുടെ ആന്തരികദാഹം ശമിപ്പിക്കാൻ
യേശു നമ്മുടെ ദുരിതങ്ങളുടെ ഭീതിദമായ തട
വറകളിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു. നാം
ആയിരിക്കുന്നിടത്ത്, നമ്മുടെ വിലകെട്ട ദൈനം
ദിന അന്വേഷണങ്ങളുടെ കിണറ്റിൻകരയിലോ
(യോഹ. 4:7), മരക്കൊമ്പിൽ ഒളിഞ്ഞിരുന്ന്
അവനെ കാണാനുള്ള നമ്മുടെ ദുർബലമായ
പരിശ്രമങ്ങളിലോ (ലൂക്കാ 19:4) അവൻ നമ്മെ
കണ്ടുമുട്ടുന്നു. ദൈവത്തെ പ്രസാദിപ്പിക്കാൻ
പ്രാർഥനയിൽപോലും എന്തെങ്കിലും ചെ
യ്തേ മതിയാകൂ എന്നു നാം വിചാരിക്കുന്നു.
ദൈവസ്നേഹം സ്വീകരിക്കാനാവാത്തതാണ്
നമ്മുടെ ഏറ്റവും വലിയ ബലഹീനത; എന്നാൽ
അവിടെയാണ് ആത്മാവു നമ്മെ സഹായിക്കു
ന്നത് (റോമ. 8:21-22). നമ്മുടെ കാര്യത്തിലുള്ള
അവന്റെ ആഗ്രഹം സാധിക്കാൻ നാം അനു
വദിക്കുമോ? വിസ്മയാവഹമായ ഈ സ്നേ
ഹൈക്യം വിശുദ്ധ ഇഗ്നേഷ്യസ് ലൊയോള
ഇപ്രകാരം വിഭാവനം ചെയ്യുന്നു: ‘‘ത്രിത്വം ന
മുക്കു വേണ്ടിയും നമ്മിലും നമ്മിലൂടെയും
അത്യധ്വാനം ചെയ്യുന്നു’’.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പറഞ്ഞു:
‘‘അവന്റെ പാർശ്വത്തിലെ മുറിവിനാൽ തുറ
ക്കപ്പെട്ട വാതിലിലൂടെ ക്രിസ്തുവിന്റെ ഹൃദ
യത്തിൽ പ്രവേശിക്കുന്നതുമൂലം നാം രക്ഷ
യുടെ ഉറവിലേക്കു മടങ്ങുകയും പിതാവിന്റെ
ഭവനത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു’’
(*മൂന്നാം സഹസ്രാബ്ദത്തിലേക്ക്*, 8). യേശു
വിന്റെ ഹൃദയത്തിന്റെ വാചാലമായ ശബ്ദം
കേൾക്കാനുള്ള കൃപ, നമ്മുടെ നാഥന്റെ വക്ഷ
സിൽ ചാരിക്കിടന്ന്, തിരുഹൃദയത്തിന്റെ മധു
രസ്വരം ശ്രവിക്കുന്ന യോഹന്നാനെപ്പോലെ
യുള്ളവർക്കായ് കരുതിവയ്ക്കപ്പെട്ടിരിക്കുന്നു.
‘‘യേശു അവളോടു പറഞ്ഞു: ദൈവത്തിന്റെ
ദാനം എന്തെന്നും എനിക്കു കുടിക്കാൻ തരുക
എന്നു നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും
അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോ
ദിക്കുകയും അവൻ നിനക്കു ജീവജലം
തരുകയും ചെയ്യുമായിരുന്നു’’(യോഹ. 4:10).

വിശുദ്ധന്റെ മൊഴി: ‘‘ഒന്നാമതായി അറിയേ
ണ്ടുന്ന കാര്യമിതാണ്. ഒരുവൻ ദൈവത്തെ
അന്വേഷിക്കുമ്പോൾ അവന്റെ പ്രേമഭാജനം
അതിലേറെ അവനെ തേടുന്നുണ്ട്’’ - കുരിശി
ന്റെ വിശുദ്ധ യോഹന്നാൻ.

ഡോ. സിന്ധു സുനിൽ ജീസസ് യൂത്ത് പ്രോലൈഫ് മിനിസ്ട്രി
യുടെ പ്രഥമ കോഓർഡിനേറ്ററാണ്. ഇപ്പോൾ അന്തർദേശീയ
മിഷൻ ടീമിൽ അംഗമായ സിന്ധുവും ഭർത്താവു സുനിലും
മുഴുവൻ സമയ പ്രേഷിതരാണ്. അമേരിക്കൻ ഐക്യനാടുകളിലെ
ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ നെടുംതൂണുകളായ ഇവർ ആറു
മക്കളോടൊപ്പം ഫ്ളോറിഡയിൽ താമസിക്കുന്നു.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*